(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) മെ. ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ്, മെ. ഗ്രാസീം ഇൻഡസ്ട്രീസ് എന്നീ വ്യവസായ സ്ഥാപനങ്ങൾക്ക് നൽകുന്ന വനവിഭവങ്ങളുടെയുക്കാലിപ്റ്റസ്, മുള, ഈറ്റ എന്നിവ ഡിപ്പാർട്ട്മെന്റ് ഓപ്പൺ മാർക്കറ്റിൽ വിൽക്കാറില്ല.

കേരളാ ഫോറസ്ട്രി പ്രോജക്ട്

75(1898)ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഫോറസ്ട്രി പ്രോജക്ടിന്റെ ഭാഗമായി 31.12.99 വരെ എന്ത് തുക ചെലവാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇതിൽ ശമ്പളം, വാഹനങ്ങൾ, ടെലിഫോൺ എന്നീ ഇനങ്ങളിൽ എന്തു തുക ചെലവാക്കിയിട്ടുണ്ട്;

(സി) കേരളാ ഫോറസ്ട്രി പ്രോജക്ടിന്റെ ഭാഗമായി ജോലി ചെയ്യുന്ന സ്ഥിരം ജീവനക്കാരുടെയും ദിവസക്കൂലിക്കാരായി ജോലി ചെയ്യുന്നവരുടെയും തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) ഈ പദ്ധതി പ്രകാരം ആകെ ചെലവിൽ ട്രീറ്റുമെന്റ് ഏരിയായിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ട്;

(ഇ) പ്രസ്തുത തുകയിൽ എന്ത് തുക 'ഗള്ളി പ്ലഗ്ഗിംഗിന് വേണ്ടി ചെലവഴിച്ചിട്ടുണ്ട്;

(എഫ്) 'ഗള്ളി ഫ്ളഗ്ഗിംഗ്' ജോലികളെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുമോ;

(ജി) ട്രീറ്റുമെന്റ് ഏരിയയായി ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നൈഫ് റീഡിംഗ് നടത്തിയിട്ടുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ ഏപ്രിൽ-മേയ് മാസങ്ങളിൽ 'മൺവെട്ടി വീഡിംഗ്' നടത്തേണ്ട ആവശ്യമുണ്ടോ;

(ഐ) ഫ്രെബ്രുവരി-മാർച്ച് മാസങ്ങളിൽ ലൈഫ് വീഡിംഗ് നടത്തിയ സ്ഥലങ്ങളിൽ ഏപ്രിൽ മേയ് മാസങ്ങളിൽ മൺവെട്ടി വീഡിംഗ് നടത്തിയിട്ടുണ്ടോ;

(ജെ) ഉണ്ടെങ്കിൽ ഇതിന്റെ ഭാഗമായി ചെലവഴിച്ച അധികതുക ബന്ധപ്പെട്ടവരിൽനിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളാ ഫോറസ്ട്രി പ്രോജക്ടിന്റെ ഭാഗമായി 31.12.1999 വരെ 2004.78 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) സ്ഥിരം ജീവനക്കാർ

1. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ - 1

---

† അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly

2. ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ - 1
3. അസിസ്റ്റന്റ് ഫോറസ്റ്റ്കൺസർവേറ്റർ - 4
4. റെയിഞ്ചോഫീസർ - 8
5. ഫോറസ്റ്റർ - 2
6. ഫോറസ്റ്റ് ഗാർഡ് - 2
7. ജൂനിയർ സൂപ്രണ്ട് - 2
8. ഹെഡ് അക്കൗണ്ടന്റ് - 1
9. അപ്പർഡിവിഷൻ ക്ലാർക്ക് - 3
10. ലോവർഡിവിഷൻ ക്ലാർക്ക് - 3
11. ടൈപ്പിസ്റ്റ് - 1
12. ഫിനാൻസ് മാനേജർ - 1
13. ഇക്കണോമിസ്റ്റ് - 1
14. അസിസ്റ്റന്റ് ഇന്റേണൽ ആഡിറ്റ് ഓഫീസർ - 1
15. ലോവർഡിവിഷൻ കമ്പയിലർ - 2
16. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് -1
17. ഡ്രൈവർ - 2
18. പ്യൂൺ - 3

താൽക്കാലിക ജീവനക്കാർ

1. പ്യൂൺ - 1

ദിവസക്കൂലി ജീവനക്കാർ

1. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് - 1
2. കമ്പ്യൂട്ടർ ഓപ്പറേറ്റർ - 2
3. ഡ്രൈവർ - 2
4. നൈറ്റ് വാച്ചർ - 2
5. പ്യൂൺ - 2

(ഡി)&(ഇ) വിവരം ശേഖരിച്ചു വരുന്നു.

(എഫ്) പരാതി ലഭിക്കുന്ന പക്ഷം അന്വേഷണം നടത്തുന്നതാണ്.

(ജി)-(ജെ) വിവരം ശേഖരിച്ചു വരുന്നു.

നിക്ഷിപ്ത വനഭൂമിയിലെ കൈയേറ്റം

76 (1899)ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിൽ നിക്ഷിപ്തമായ വനഭൂമി ആരെങ്കിലും കൈവശം വച്ച് കൃഷി ചെയ്തു വരുന്നുണ്ടോ;

(ബി) എങ്കിൽ എത്ര ഏക്കർ വനഭൂമിയാണ് ഇപ്രകാരം കയ്യടക്കിവച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly